ആലപ്പുഴ ജില്ലയിൽ നിർമ്മിക്കപ്പെട്ട വീടുകൾ

129 (6047) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രതയുള്ള പട്ടണമായ ആലപ്പുഴയിൽ എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര പുതിയ വീടുകൾ നിർമ്മിക്കപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയിൽ 48528 വീടുകളും ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലായി 487069 വീടുകളും ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 25373 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ഐ. എ. വൈ. ഭവന പദ്ധതി

130 (6048) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം ഒരു വീടിന് നൽകിയിരുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നറിയിക്കുമോ ;

(സി) ഈ വർഷം മുതൽ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ അധിക ധനസഹായം നൽകുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വരെ പുതിയ വീടുകളുടെ നിർമ്മാണത്തിന് അനുവദനീയമായ തുക സാധാരണ പ്രദേശങ്ങളിൽ 35,000 രൂപയും കുന്നിൻ പ്രദേശങ്ങൾ/ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലേത് 38,500 രൂപയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമൊട്ടുക്ക് ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾക്ക് അനുവദനീയമായ നിരക്കിലാണ് ഐ.എ.വൈ. പദ്ധതിയിൽ നിന്ന് തുക നൽകിവരുന്നത്.

(ബി) കേന്ദ്ര വിഹിതം 28,875 രൂപയും സംസ്ഥാനവിഹിതം 9,625 രൂപയുമായിരുന്നു.

(സി) ഉണ്ട്. 1-4-2010 മുതൽ സാധാരണ പ്രദേശങ്ങളിൽ 45,000 രൂപയും കുന്നിൻപ്രദേശങ്ങൾ/ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലേത് 48,500 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇ.എം.എസ്. ഭവനപദ്ധതി പ്രകാരമുള്ള ധനസഹായത്തിന് ഒപ്പമാകാൻ വേണ്ട അധിക ധനസഹായം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നു.

(ഇ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ ഐ.എ.വൈ വീടുകൾക്ക് അധിക സഹായം നൽകുന്നതിന് താഴെപറയുന്ന നിരക്കിൽ തുക നല്കുന്നുണ്ട്.

പൊതു വിഭാഗം - 36,500 രൂപ.

പട്ടികജാതി - 61,500 രൂപ

പട്ടികവർഗ്ഗം - 86,500 രൂപ

1-4-2010-മുതൽ ഇത് പൊതു വിഭാഗം - 26,500 രൂപ, പട്ടികജാതി - 51,500 രൂപ, പട്ടികവർഗ്ഗം - 76,500 രൂപ എന്ന നിരക്കിലാണ്.

ജനകീയാസൂത്രണ പദ്ധതി പ്രകാരം ഉൽപ്പാദന മേഖലയ്ക്ക് ചെലവഴിക്കപ്പെടുന്ന തുക

131 (6049) ശ്രീ. എം കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെലവഴിക്കപ്പെടുന്ന തുകയുടെ എത്ര ശതമാനമാണ് ഉൽപ്പാദനമേഖലയിൽ ചെലവഴിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക യഥാവിധി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ ;

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം നാളിതുവരെ ഉൽപ്പാദന മേഖലയ്ക്ക് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30%

(ബി) വിനിയോഗിക്കപ്പെടുന്നുണ്ട്.

(സി) 2002-03 മുതൽ 2009-10 വരെ 1613.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly